**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **09-02-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ നിയോജക മണ്ഡലത്തിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിൽ, എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തയ്യാറാക്കി സമർപ്പിക്കപ്പെട്ട മുന്നൂറ്റിയിരുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുമേൽ ഭരണാനുമതി ലഭ്യമാക്കാനുള്ള ഫയൽ (ഇ-ഫയൽ നമ്പർ. 6108395, Fin Exp B 2097027) ഇപ്പോൾ എക്സൈസ് കമ്മീഷണറേറ്റിൽ, കെട്ടിട നിർമാണത്തിനുള്ള തുക കണ്ടെത്തുന്നതിനുള്ള ശീർഷകം, ഫണ്ട് ലഭ്യത, എന്നിവ തീരുമാനമാകാത്ത സാഹചര്യത്തിൽ നടപടികൾ അവസാനിക്കപ്പെട്ട നിലയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക തുക വകയിരുത്തി പുനലൂർ എക്സൈസ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാൻ കഴിയാത്തതിനാൽ, ടി പ്രവർത്തി അടുത്ത വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തികൾക്കായി കരുതിയിട്ടുള്ള ശീർഷകത്തിൽ ഒരു കോടി അറുപത് ലക്ഷം രൂപ നീക്കി ഇരിപ്പുണ്ട് എന്നത് സംബന്ധിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എക്സൈസ് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവർത്തികൾക്കായി 4059-01-051-94 എന്ന ശീർഷകത്തിൽ 160 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ, 31-08-2022 വരെ 86.86 ലക്ഷം രൂപ ചെലവായതായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിൽ മതിയായ തുക ശേഷിയ്ക്കാത്തതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷം അധിക തുക വകയിരുത്തി ഭരണാനുമതി നൽകാൻ കഴിയില്ല. |
| (സി) | പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള മുന്നൂറ്റിയിരുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുമേൽ അൻപത് ശതമാനം തുക (ഒരു കോടി അറുപത് ലക്ഷം രൂപ) ശീർഷകത്തിൽ നീക്കി ഇരിപ്പുള്ള സാഹചര്യത്തിൽ ഈ തുക ലഭ്യമാക്കി ഒന്നാം ഘട്ടം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ? | (സി) | എക്സൈസ് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവർത്തികൾക്കായി 4059-01-051-94 എന്ന ശീർഷകത്തിൽ 160 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ, 31-08-2022 വരെ 86.86 ലക്ഷം രൂപ ചെലവായതായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിൽ മതിയായ തുക ശേഷിയ്ക്കാത്തതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷം അധിക |

| | | | |
|---|---|---|---|
| | | | തുക വകയിരുത്തി ഭരണാനുമതി നൽകാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ